# സുവർണ്ണക്ഷേത്രത്തിന്റെ വിശ്വാസകഥകൾ

## ഡോ. മേജർ നളിനി ജനാർദ്ദനൻ

**വി**ശ്വപ്രസിദ്ധമായ സിക്ക്മതക്കാരുടെ ആരാധനാലയമാണ് അമൃതസാറിലെ 'സുവർണ്ണ ക്ഷേത്രം' (Golden Temple) എന്ന ഗുരുദ്വാര. ഇതിനെ 'ഹർമിന്ദർ സാഹിബ്' എന്നും 'ദർബാർ സാഹിബ്' എന്നും വിളിക്കാറുണ്ട്. മനുഷ്യനിർമ്മിതമായ ഒരു കുളത്തിനു ചുറ്റും (sarovar) ആണ് ഈ ഗുരുദ്വാര ഏറ്റവുമാദ്യം 1577-ൽ 'ശ്രീ. ഗുരു രാംദാസ്ജി' ഉണ്ടാക്കിയതെന്നു പറയപ്പെടുന്നു. ഉണ്ടാക്കിയതെന്നു പറയപ്പെടുന്നു. ഇത് പലപ്പോഴായി നശിപ്പിക്കപ്പെടുകയും പുനരുദ്ധരിക്കപ്പെടു കയും ചെയ്തിട്ടുണ്ട്. ശ്രീ. ഗുരു രാംദാസ്ജി (1534 മുതൽ 1581 വരെ ജീവിച്ചിരുന്നു) സിക്കുകാ രുടെ 10 ഗുരുക്കന്മാരിൽ നാലാമത്തെ ഗുരുവാണ്. ഇദ്ദേഹം രചിച്ച ഗുരുബാണി അതായത് 638 വിശുദ്ധ ശ്ലോകങ്ങൾ, ഹിന്ദുസ്ഥാനി ശാസ്ത്രീയസംഗീതത്തിലെ 30 വിവിധ രാഗങ്ങളിൽ ചിട്ടപ്പെ ടുത്തിയത് ശ്രീ ഗുരുഗ്രന്ഥസാഹിബ്ബ് എന്ന പാവനഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സുവർണ്ണക്ഷേത്രം സന്ദർശിക്കുന്നവർക്ക് മനസ്സിലാക്കാനായി അതിനു മുമ്പിൽ ഒരു നോട്ടീസ് എഴുതി വെച്ചത് ഇപ്രകാരമാണ്.

"എല്ലാവരുടെയും അറിവിനുവേണ്ടി എഴുതുന്നതാണിത്. ഇവിടെ ഹർമന്ദിർ സാഹിബ്ബിൽ 1877 ഏപ്രിൽ 30-ാം തീയതി പുലർച്ചെ നാലരമണിയ്ക്ക് ഒരത്ഭുതം സംഭവിച്ചു. ഏകദേശം നാനൂ റോളം ഭക്തജനങ്ങൾ ഭക്തിസംഗീതം ശ്രവിച്ചുകൊണ്ട് ശാന്തവും പവിത്രവുമായ അന്തരീക്ഷത്തി ലിരിക്കുകയായിരുന്നു. പെട്ടെന്ന് ഗുരുദ്വാരയുടെ, പർവ്വതത്തിന്റെ ഭാഗത്തുള്ള വാതിലിലൂടെ ഒരു പ്രകാശഗോളം കടന്നുവരികയും അത് ശ്രീ ഗുരുഗ്രന്ഥ സാഹിബ്ബിന്റെ മുമ്പിൽ വെച്ച് പൊട്ടിത്തെ റിച്ച് അവിടെ മുഴുവൻ പ്രകാശമാനമാക്കുകയും ചെയ്തു. പിന്നീട് അതൊരു പ്രകാശകിരണമായി കിഴക്കേ ഭാഗത്തെ വാതിലിലൂടെ പുറത്തേക്കു പോയി. അത് പൊട്ടിത്തെറിച്ചപ്പോൾ അവിടെ ഭയ ങ്കരമായ ഒരു ശബ്ദമുണ്ടായെങ്കിലും അതിനുള്ളിലെ ഭക്തജനങ്ങൾക്കോ കെട്ടിടത്തിനോ ഒരപക ടവും സംഭവിച്ചില്ല എന്നതാണു സത്യം. അലൗകികമായ ഈ രംഗം ശ്രീ ഗുരു രാംദാസ്ജി തന്നെ സൃഷ്ടിച്ചതാണെന്ന് ഭക്തജനങ്ങൾ അഭിപ്രായപ്പെട്ടു.

ഈ സംഭവത്തിന് ചരിത്ര പ്രാധാന്യവുമുണ്ട്. 1849-നു ശേഷം സിക്കുമതക്കാരുടെ പ്രാധാന്യം ക്രമേണ നശിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ബ്രിട്ടീഷുകാർ സിക്കുകാരെ മതം മാറ്റാനു ആ ഗുരുദ്വാരയെ ഒരു ക്രിസ്ത്യൻപള്ളിയാക്കി മാറ്റാനും ശ്രമിച്ചുകൊണ്ടിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരുന്നു ആ ഗുരുദ്വാരയുടെ കാര്യങ്ങൾ നോക്കിനടത്താൻ ഗവൺമെന്റ് നിയോഗിച്ച മാനേജരായ 'സർദാർ മംഗൾസിങ്ങ്' വൈസ്രോയിയെ കാണാൻ തീരു മാനിച്ചു. വൈസ്രോയി അപ്പോൾ ഗോബിന്ദ് ഗഡ് കോട്ടയിലായിരുന്നതുകൊണ്ട് അവിടെച്ചെന്നു കണ്ട് കാര്യങ്ങൾ സംസാരിച്ചു. പക്ഷേ നിയമപരമായി ബ്രിട്ടീഷുകാർക്ക് അവകാശപ്പെട്ടതാണ് ആ ഗുരുദ്വാരയെന്നും. ഇഷ്ടമുള്ളതുപോലെ ചെയ്യാൻ അവർക്ക് അധികാരമുണ്ടെന്നുമാണ് വൈസ്രോയി മറുപടി പറഞ്ഞത്. ഈ വിവരമറിഞ്ഞ് നിരാശയും ദുഃഖവും കൊണ്ടു തളർന്ന സിക്കുകാർ ദൈവാനുഗ്രഹത്തിനായി ഗുരുദ്വാരയിൽ 'അഖണ്ഡപാഠ്' എന്ന നാമജപവും 'അർദാസും' (പ്രാർത്ഥന) നടത്താൻ തീരുമാനിച്ചു. അടുത്ത ദിവസം എല്ലാ ഭക്തജനങ്ങളും അവിടെ ഒന്നിച്ചുകൂടി വൈസ്രോയി നിയോഗിച്ച ഒരു ഇന്റലിജന്റ് ഓഫീസറും അവിടെ നിരീക്ഷണം നട ത്തുന്നുണ്ടായിരുന്നു. അപ്പോഴാണ് മേല്പറഞ്ഞ അത്ഭുതം ആ ഗുരുദ്വാരയിൽ നടന്നത്. ഈ വാർത്ത പഞ്ചാബിൽ മുഴുവൻ പരന്നു. ഈ അത്ഭുതത്തിനു ദൃക്സാക്ഷിയായി നൂറുകണക്കിനു സിക്കു കാർ തെളിവു നല്കാൻ തയ്യാറായി. അതുകൊണ്ട് ഈ സമയത്ത് ഗുരുദ്വാര പിടിച്ചടക്കുകയോ ഇതിനെ പള്ളിയാക്കി മാറ്റുകയോ ചെയ്യുന്നതു ശരിയല്ല എന്ന് ഇന്റലിജൻസ് ഓഫീസർ ബ്രിട്ടീഷ്

ഗവൺമെന്റിന് ഉപദേശം നല്കി.

ഗുരു രാംദാസ്ജി തന്റെ മരണശേഷവും സിക്കുകാരെ എപ്പോഴും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നും വിഷമഘട്ടങ്ങളിൽ അവരെ അനുഗ്രഹിക്കുന്നു എന്നും ഈ സംഭവത്തിനു ശേഷം സിക്കുകാർക്ക് വ്യക്തമായി മനസ്സിലായി. നശിച്ചു തുടങ്ങിയ സിക്കുകാരുടെ പ്രാധാന്യം ക്രമേണ പൂർവ്വസ്ഥിതിയിലാവാനും തുടങ്ങി.

ഗുരു രാംദാസ്ജിയുടെ കാലത്തു നടന്ന ഒരു അത്ഭുത കഥയാണ് 'ബീബി രജനി'യുടേത്. രജനി എന്ന പെൺകുട്ടി 'റായ് ധുനിചന്ദ്' എന്നു പേരുള്ള ഒരു റവന്യൂ കളക്ടറുടെ ഏഴാമത്തെ മകളായിരുന്നു. രജനി ഒരു തികഞ്ഞ സിക്കുമതവിശ്വാസിയുടെ ഗുരുവിന്റെ ശിഷ്യയുമായിരുന്നു. ഒരിക്കൽ തന്റെ സഹോദരിമാരോടൊപ്പം, അച്ഛൻ തങ്ങൾക്ക് സമ്മാനിച്ച പുതിയ തുണികൾ നോക്കി ആസ്വദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അച്ഛൻ എത്ര നല്ലതാണെന്ന് എല്ലാ സഹോദരിമാരും സന്തോഷത്തോടെ പറഞ്ഞു. പക്ഷേ രജനി പറഞ്ഞത് 'യഥാർത്ഥത്തിൽ ദൈവമാണ് എല്ലാ സമ്മാനങ്ങളും നമുക്കു തരുന്നത്. മഹത്തായ ദൈവത്തിന്റെ കൃപ നമ്മളിലേക്ക് എത്തിക്കുന്ന ഒരുപകരണം മാത്രമാണ് അച്ഛൻ' എന്നായിരുന്നു!

നിർഭാഗ്യവശാൽ അച്ഛൻ രജനിയുടെ വാക്കുകൾ കേൾക്കാനിടയായി. അയാൾക്ക് വളരെ ദേഷ്യം വന്നു. രജനിയുടെ ഉറച്ച ദൈവവിശ്വാസം കൊണ്ട് മുമ്പും അവളുടെ അച്ഛന് ദേഷ്യം വന്നിട്ടുണ്ട്. തന്റെ മകൾക്ക് എന്തുചെയ്തുകൊടുത്താലും ഒരു നന്ദിയുമില്ലെന്നു കരുതി അച്ഛൻ മകളെ കുഷ്ഠരോഗിക്കു കല്യാണം കഴിച്ചുകൊടുത്തു. അതുമാത്രമല്ല, "നിന്റെ ദൈവം നിനക്ക് ഒരു നല്ല ജീവിതം തരുമോ ഇല്ലയോ എന്ന് ഞാനും നോക്കട്ടെ!" എന്നു വെല്ലുവിളിക്കുകയും ചെയ്തു. ആ കുഷ്ഠരോഗി വളരെയധികം അംഗഭംഗം വന്ന ഒരാളായിരുന്നു. അയാളുടെ ശരീരത്തിൽ നിന്ന് ദുർഗന്ധം വമിച്ചുകൊണ്ടിരുന്നു. എന്നിട്ടും തന്റെ ഭർത്താവായ അയാളെ രജനി വളരെ സ്നേഹപൂർവ്വം ശുശ്രൂഷിച്ചു. അവൾ എപ്പോഴും ദൈവനാമം ഉരുവിട്ടുകൊണ്ടിരുന്നു. തന്നെ ദൈവം പരീക്ഷിക്കുന്നതാണിത് എന്നവൾ വിശ്വസിച്ചു. ജീവിക്കാൻ വേണ്ടി ഭിക്ഷ യാചിക്കേണ്ടി വന്നിട്ടും ദൈവവിശ്വാസം അവൾ കൈവിട്ടതേയില്ല. ഭക്ഷണവും മരുന്നുകളും നല്കുകയും കുളിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തുകൊണ്ട് ഭർത്താവിനെ നോക്കുന്നതിലൂടെ അവൾ ഒരു മാതൃകാ ഭാര്യയുടെ കടമ നിറവേറ്റി. ഭർത്താവിൽ അവൾ ദർശിച്ചത് ദൈവത്തെത്തന്നെയായിരുന്നു. അതുകൊണ്ട് ഭർത്താവിനെ ശുശ്രൂഷിക്കുന്നതിലൂടെ താൻ ദൈവത്തിനെ പൂജിക്കുകയാണ് എന്നു രജനി വിശ്വസിച്ചു. ഉത്തരേന്ത്യക്കാരുടെ കല്യാണസമയത്ത് വധൂവരന്മാർ പരസ്പരം പ്രതിജ്ഞ നടത്താറുണ്ട്. അതിലൊന്നാണ് വധു വരനു നല്കുന്ന ഈ പ്രതിജ്ഞ. "പ്രിയ ഭർത്താവേ, താങ്കളെന്റെ കരം പിടിക്കുകയാണെങ്കിൽ ഞാനൊരിക്കലും താങ്കളെ ഉപേക്ഷിക്കില്ല"- ഈ പ്രതിജ്ഞ രജനി അക്ഷരംപ്രതി അനുസരിച്ചു.

ഒരു ദിവസം രജനി തന്റെ ഭർത്താവിനെ ഒരു വലിയ കൊട്ടയിലിരുത്തി ചുമന്നുകൊണ്ട് അടുത്തുള്ള ഒരു ഗ്രാമത്തിലേക്ക് പോവുകയായിരുന്നു. ഒരു കുളത്തിനരികിൽ ആ കൊട്ട വെച്ച ശേഷം അടുത്തൊരു സ്ഥലത്തേക്ക്, ഭക്ഷണം കിട്ടുമോ എന്നൊന്നു നോക്കാനായി അവൾ നടന്നുപോയി. അപ്പോൾ കുഷ്ഠരോഗിയായ ഭർത്താവ് ഒരു കാഴ്ച കണ്ടു. ആ കുളത്തിൽ ഒരു കറുത്ത കാക്ക മുങ്ങുന്നതും വെള്ളത്തിൽ മുങ്ങി നിവർന്നപ്പോൾ കാക്ക വെളുത്തിരിക്കുന്നതുമായ ആ കാഴ്ച കണ്ട് അയാൾ അത്ഭുതപ്പെട്ടു. വിശ്വസിക്കാൻ വിഷമം തോന്നിയെങ്കിലും മെല്ലെ ഇഴഞ്ഞുകൊണ്ട് അയാൾ കുളത്തിലിറങ്ങി മുങ്ങി. വെള്ളത്തിൽ മുങ്ങിനിവർന്നപ്പോൾ അതിശയമെന്നു പറയട്ടെ, അയാളുടെ കുഷ്ഠരോഗം മുഴുവൻ മാറിയതായി അയാൾ കണ്ടു.

രജനി ഭക്ഷണവുമായി തിരിച്ചു വന്നപ്പോൾ, അംഗഭംഗം വന്ന കുഷ്ഠരോഗിക്കു പകരം സുന്ദരനും ആരോഗ്യവാനുമായ ഭർത്താവിനെക്കണ്ട് പകച്ചു നിന്നു. അത് മറ്റാരോ ആണെന്ന് അവൾ തെറ്റിദ്ധരിച്ചു. പക്ഷേ ഭർത്താവ് തന്റെ ഒരു വിരൽ കുളത്തിൽ മുക്കാതെ പൊക്കിപ്പിടിച്ചിരു

ന്നു. കുഷ്ഠം ബാധിച്ച ആ വിരൽ കാണിച്ചുകൊണ്ട് താൻ തന്നെയാണിത് എന്ന് അയാൾ ഭാര്യയോട് പറഞ്ഞു. അവർ ഇരുവരും സന്തോഷത്തോടെ ദൈവത്തിനു നന്ദി പറയുകയും ഗുരുവിന്റെ അടുത്തുപോയി ആശീർവ്വാദം വാങ്ങുകയും ചെയ്തു.

രജനിയുടെയും ഭർത്താവിന്റെയും ഈ അത്ഭുതകഥ നടന്ന കുളമാണത്രേ പിന്നീട് 'സുവർണ്ണക്ഷേത്രക്കുളം' അഥവാ 'സരോവർ' ആയിത്തീർന്നത്. ഈ കുളത്തിലെ വെള്ളത്തിനുള്ള ഔഷധഗുണത്തിനു കാരണം കുളക്കരയിൽ ധാരാളം വളർന്നുനിൽക്കുന്ന തുളസിച്ചെടികളാണെന്നു പറയപ്പെടുന്നു. 'ഗുരു അംഗദ്ജി'യുടെ കാലിലുണ്ടായ ഒരു വ്രണം പഴുത്തപ്പോൾ അതുണക്കാനായി ഗുരു അമർദാസ്ജി ഈ തുളസിയിലകൾ ഉപയോഗിച്ചിരുന്നുവത്രേ. രജനിയുടെ ഭർത്താവിന്റെ കുഷ്ഠരോഗം മാറ്റാൻ കാരണവും ആ വെള്ളത്തിന്റെ ഔഷധഗുണമായിരിക്കുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

ബീബി രജനിക്ക് ഏഴ് ആൺമക്കൾ ജനിച്ചു. ഏറ്റവും മൂത്ത മകന് 'ഭായി ഗുരുമുഖ്' എന്ന് ഗുരു രാംദാസ്ജി തന്നെ പേരുവിളിച്ചു. ഗുരു രാംദാസ്ജിയുടെ ഉപദേശപ്രകാരം രജനിയുടെ ഭർത്താവ് ഭായി മോഹൻ വസ്ത്രവ്യാപാരം തുടങ്ങിയതുകാരണം അവർക്ക് സുഖകരമായ ഒരു ജീവിതം നയിക്കാൻ കഴിഞ്ഞു. പക്ഷേ രജനിയുടെ അച്ഛന് വ്യാപാരത്തിൽ വമ്പിച്ച നഷ്ടം വന്നതിനാൽ അയാൾ ദരിദ്രനായിത്തീർന്നു. അവസാനം രജനിയുടെ വീട്ടിൽക്കിടന്നാണ് അച്ഛൻ മരിച്ചത്.

ദൈവവിശ്വാസമുണ്ടെങ്കിൽ ഏതെങ്കിലുമൊരു നാൾ നമ്മുടെ കഷ്ടപ്പാടുകളെല്ലാം മാറി ദൈവത്തിന്റെ അനുഗ്രഹാശ്ശിസുകൾ ലഭിക്കുമെന്നും സുഖകരമായ ജീവിതം ലഭിക്കുമെന്നുമാണ് രജനിയുടെ കഥ നമ്മെ പഠിപ്പിക്കുന്നത്. ദാരിദ്ര്യവും കഷ്ടപ്പാടും ദുഃഖവും നിറഞ്ഞ ഒരു ജീവിതമായിരുന്നു രജനിയുടേത്. എങ്കിലും ഒരാവലാതികളുമില്ലാതെ ജീവിതം നയിക്കാൻ അവൾക്ക് ധൈര്യം കൊടുത്തത് ഗുരുവിലും ദൈവത്തിലുമുള്ള അടിയുറച്ച വിശ്വാസവും ഭക്തിയും മാത്രമാണ്. അതുകൊണ്ടു മാത്രമാണ് രജനിക്ക് അവളർഹിക്കുന്ന സന്തോഷവും ഐശ്വര്യവും നിറഞ്ഞ ഒരു ജീവിതം സമ്മാനമായി നൽകിയതും!

ഗുരുഗ്രന്ഥസാഹിബ്ബിൽ പറയുന്നതുപോലെ

"Meditate on the Naam, the Name of the Lord, O my mind, might and day, center your consciousness on the Lord. You shall have the fruits of your desires and you shall never feel hunger again!"

(നാമത്തിൽ അഥവാ ദൈവനാമത്തിൽ ധ്യാനിക്കുക എന്റെ മനസ്സേ, രാത്രിയും പകലും നിന്റെ ബോധം ദൈവത്തിൽ കേന്ദ്രീകരിക്കുക. നിനക്ക് നിന്റെ ആഗ്രഹങ്ങളുടെ ഫലങ്ങൾ കിട്ടും. പിന്നീട് ഒരിക്കലും നിനക്ക് വിശപ്പു തോന്നുകയില്ല!)

*************